പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3494

08.11.2019-ൽ മറുപടിയ്ക്ക്

## തൃശ്ശൂർ തേജസ് എഞ്ചിനീയറിംഗ് കോളേജിൽ ലാറ്ററൽ എൻട്രി

*ചോദ്യം*

ശ്രീ.റോജി എം. ജോൺ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ തേജസ് എഞ്ചിനീയറിംഗ് കോളേജിൽ പോളിടെക്നിക് പാസ്സായവർക്ക് ഒഴിവുവരുന്ന സീറ്റുകളിൽ ലാറ്ററൽ എൻട്രി പരീക്ഷ എഴുതാതെ രണ്ടാം വർഷത്തിലേയ്ക്ക് അഡ്മിഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാർത്ഥികൾക്കെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2018-19 ബാച്ചിൽ 8 വിദ്യാർത്ഥികൾക്ക് ഇപ്രകാരം കോളേജ് അഡ്മിഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ഈ വിദ്യാർത്ഥികളുടെ തുടർപഠനം തടഞ്ഞുകൊണ്ട് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (ബി) | ഈ വിദ്യാർത്ഥികളുടെ തുടർപഠനം തടഞ്ഞുകൊണ്ട് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല ഇതുവരെ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ, 26/07/2019-ലെ സ.ഉ. (സാധാ) നം. 1305/2019/ഉ.വി.വ. എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ലാറ്ററൽ എൻട്രി ടെസ്റ്റ് (LET) വിജയിച്ച വിദ്യാർത്ഥികൾക്ക് മാത്രമേ രണ്ടാം വർഷത്തിലേക്ക് അഡ്മിഷൻ നൽകാവൂ എന്ന് സർവകലാശാല അഫിലിയേറ്റഡ് കോളേജുകൾക്ക് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ നാലുമാസമായി പ്രസ്തുത കോളേജിൽ അഡ്മിഷൻ നേടി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ നിർദ്ദേശം മൂലം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (സി) | ലാറ്ററൽ എൻട്രി ടെസ്റ്റ് (LET) വിജയിച്ച വിദ്യാർത്ഥികളെ മാത്രമേ രണ്ടാം വർഷത്തിലേക്ക് അഡ്മിഷൻ നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ഇവരുടെ പ്രസ്തുത അഡ്മിഷൻ അംഗീകരിച്ചാൽ മാത്രമേ പരീക്ഷക്ക് രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ വിഷയം സർവകലാശാലയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ